(Pages : 5) 200

Sl. No. 2806056

# SSLC EXAMINATION, MARCH - 2025

## MALAYALAM

First Language - Paper I

Time : 1½ Hours Total Score : 4

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനു ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- നിർദ്ദേശങ്ങളും ചോദ്യങ്ങളും അനുസരിച്ചു മാത്രം ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

Scor

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും ഒരു സ്കോർ വീതം)** 4x1=

1. "എനിക്കതിനെ വിശ്വാസമില്ല. ഇത് ആര്യപുത്രൻ തന്നെ ധരിച്ചാൽ മതി."

(ഋതുയോഗം)

മുദ്രമോതിരം ധരിക്കാൻ ശകുന്തള താൽപര്യപ്പെടാത്തത് എന്തുകൊണ്ടാവാം ?

- ആവശ്യ സമയത്ത് മുദ്രമോതിരം ഉപകാരപ്പെടാത്തതിനാൽ
- മുദ്രമോതിരം ധരിക്കാൻ ഇഷ്ടമില്ലാത്തതിനാൽ
- ദുഷ്ഷന്തനോട് താൽപര്യം ഇല്ലാത്തതിനാൽ
- ദുഷ്ഷന്തൻ മോതിരമണിയാൻ ആഗ്രഹിച്ചതിനാൽ

2. "പല കാലമായി പല കഷ്ടപ്പാടുകളും സഹിച്ചു വല്ലപാടും ഇന്നലെ കൈനേടിയ ഈ മഹാവിജയം"

(യുദ്ധത്തിന്റെ പരിണാമം)

അടിവരയിട്ട പ്രയോഗം സൂചിപ്പിക്കുന്നതെന്ത് ?

- പാണ്ഡവർ ധർമ്മയുദ്ധം നടത്തി നേടിയ മഹാവിജയം
- യുദ്ധമുറകൾ തെറ്റിച്ച് പാണ്ഡവർ നേടിയ വിജയം
- കൗരവർ പാണ്ഡവർക്ക് ദാനമായി നൽകിയ വിജയം
- കൗരവർ ഇതുവരെ എല്ലാ യുദ്ധങ്ങളിലും നേടിയ വിജയം

Score

3. ''അന്ന് പ്രാർത്ഥന കഴിഞ്ഞയുടൻ ഞാൻ നേരെ ചെന്ന് ഹെഡ്മാസ്റ്ററെ കണ്ടു. വീണുകിട്ടിയ പൈസ മുഴുവനും അദ്ദേഹത്തെ ഏൽപ്പിച്ചു.'' 1

(അക്കർമാശി)

ശരൺകുമാർ ലിംബാളെയുടെ ഈ പ്രവൃത്തി നൽകുന്ന സന്ദേശം എന്താണ് ?

- പണമാണ് ജീവിത വിജയത്തിനാധാരം
- പ്രലോഭനങ്ങളെ അതിജീവിക്കാൻ സാധ്യമല്ല
- ജീവിതത്തിൽ പണത്തിന് പ്രാധാന്യം നൽകണം
- പണത്തിനേക്കാൾ മൂല്യമേറിയതാണ് സത്യസന്ധത

4. ''വളരെ കഷ്ടങ്ങളനുഭവിച്ച അക്ഷരജ്ഞാനമില്ലാത്ത ഒരു വൃദ്ധമാതാവ്.'' 1

(ഞാൻ കഥാകാരനായ കഥ)

വൃദ്ധമാതാവ് എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം എഴുതുക.

- വൃദ്ധയും മാതാവും
- വൃദ്ധ എന്ന മാതാവ്
- വൃദ്ധയായ മാതാവ്
- വൃദ്ധയുടെ മാതാവ്

5. ''എത്ര കൊറ്റക്കുടകൾ യുഗങ്ങളിൽ 1
കുത്തിനിർത്തിയ മുത്താണിക്കൂണുകൾ''

(അശ്വമേധം)

ഇവിടെ 'കൊറ്റക്കുട' എന്ന പ്രയോഗം എന്തിനെയാണ് സൂചിപ്പിക്കുന്നത് ?

- പദവിയെ
- സമത്വത്തെ
- ജനാധിപത്യത്തെ
- സ്വാതന്ത്ര്യത്തെ

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** 2x2=4

6. ''ഇതു തന്നെയാണ് മനുഷ്യന്റെ വിധി. രാജാവായിട്ടും ഞാൻ വീണു.'' 2

(യുദ്ധത്തിന്റെ പരിണാമം)

മനുഷ്യാവസ്ഥയെ സംബന്ധിച്ചുള്ള എന്തെല്ലാം സൂചനകളാണ് ദുര്യോധനന്റെ വാക്കുകളിലുള്ളത് ?

7. ''ധീരനായ യതി നോക്കി തന്വിതൻ 2
ഭൂരിബാഷ്പ പരിപാടലം മുഖം;
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർസുമോപമം.''

(പ്രിയദർശനം)

വരികൾക്ക് കാവ്യഭംഗി നൽകുന്ന രണ്ടു സവിശേഷത കണ്ടെത്തി എഴുതുക.

8. "പാഴ്ച്ചിപ്പിയുടെ മുക-
സങ്കടംപോലേയമ്മ"

(മൈക്കലാഞ്ജലോ, മാപ്പ്)

അമ്മയ്ക്കു നൽകിയ 'പാഴ്ചിപ്പി' എന്ന വിശേഷണത്തിന്റെ സവിശേഷമായ അർത്ഥതലം കണ്ടെത്തി എഴുതുക.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം വീതം) 5x4=2**

9. "ക്രോധമല്ലോ നിജ ധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം."

(ലക്ഷ്മണസാന്ത്വനം)

എഴുത്തച്ഛന്റെ ഈ ഉപദേശം വർത്തമാനകാല സമൂഹത്തിൽ എത്രത്തോളം പ്രസക്തമാണ് ?

കാവ്യസന്ദർഭം, സമകാലിക സംഭവങ്ങൾ എന്നിവ പരിഗണിച്ച് നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

10. "തുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞിനനവ് കൈയിൽ തട്ടി. തന്റെ കോടച്ചി ഈ ചോറുപൊതി കെട്ടുമ്പോൾ അതിലേക്ക് ഒരുപാടു കണ്ണുനീർ വീഴ്ത്തിയിരിക്കണം."

"വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെവിടെ നിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു"

(കടൽത്തീരത്ത്)

പൊതിച്ചോറിനെക്കുറിച്ചുള്ള പരാമർശങ്ങൾ കഥയെ ഭാവസാന്ദ്രമാക്കുന്നതിൽ എത്രത്തോളം പങ്കുവഹിക്കുന്നുണ്ട് ? പരിശോധിക്കുക.

11. "ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നു കാണും
അവർക്കു വേണ്ടും കാര്യം നളനും സാധിപ്പിക്കും,
ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ..."

(പ്രലോഭനം)

പുഷ്കരൻ എന്ന കഥാപാത്രത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഈ വാക്കുകളിൽ തെളിയുന്നത് ? നിങ്ങളുടെ കണ്ടെത്തലുകൾ കുറിക്കുക.

4

12. ''കുട്ടികളെ അമ്മതന്നെ വളർത്തണം. ശാസിക്കയും ലാളിക്കയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ.''

(വിശ്വരൂപം)

മിസിസ് തലത്തിന്റെ ഈ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? സ്വാഭിപ്രായം സമർത്ഥിക്കുക.

13. ''ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളതു മറക്കരുതേ, ഒരിക്കലും മറന്നു പോകരുത്.''

(പാവങ്ങൾ)

മെത്രാന്റെ ഈ അഭ്യർത്ഥന ഴാങ് വാൽ ഴാങ്ങിൽ ഉണ്ടാക്കിയ പരിവർത്തനങ്ങൾ എന്തൊക്കെയാവാം ? നിങ്ങളുടെ നിഗമനങ്ങൾ യുക്തിപൂർവം സമർത്ഥിക്കുക.

14. ''നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം. അതിനേക്കാൾ പ്രയാസമുള്ള എന്തു പണിയാണ് ഈ ഭൂമിയിൽ ഉള്ളത് ? അതും കുടിലബുദ്ധികളുടെ ഇക്കാലത്ത്.''

''ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്.''

(ആത്മാവിന്റെ വെളിപാടുകൾ)

ഒടുങ്ങാത്ത ദുരിതങ്ങൾക്കിടയിലും സമൂഹത്തിന് പ്രത്യാശ നൽകുന്ന കഥാപാത്രമാണോ ദസ്തയേവ്സ്കി ? സൂചനകളും പാഠഭാഗവും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. (ഒരു പുറം വീതം)**

2x6=

15. ''ചവറിൽ പുതഞ്ഞുകിടക്കുന്ന കീറക്കടലാസുകൾ ഒരുവശത്തും ഞങ്ങളുടെ നിത്യ സുഹൃത്തായ വിശപ്പ് മറുവശത്തും.''

''ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി''

(അക്കർമാശി)

ദാരിദ്ര്യവും വിശപ്പും ദുരിതങ്ങളും നേരിടുന്ന മനുഷ്യർ ഇപ്പോഴും നമുക്കു ചുറ്റും ഇല്ലേ ? അവരെ ചേർത്തുപിടിക്കാൻ നമുക്കെന്തെല്ലാം ചെയ്യാനാവും ? പാഠഭാഗവും സമകാലിക സാഹചര്യങ്ങളും വിശകലനം ചെയത് ''മാനവിക മൂല്യങ്ങളുടെ പ്രാധാന്യം വർത്തമാനകാല സമൂഹത്തിൽ'' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

16. പിന്നെ, ആ പ്രാർത്ഥനയിൽ സ്വാർത്ഥത തീണ്ടിയിട്ടുണ്ടെന്നു ഖേദിച്ച് അവൾ അതു തിരുത്തി : ''ലോകത്തൊരാൾക്കും ഒരാപത്തും വരുത്തരുതേ!'' 6

''നാട്ടിൽ നിന്നു വന്ന അച്ഛനമ്മമാർ ഇന്നു തന്റെ അതിഥികളാണെന്ന തോന്നലിൽ അവൾക്ക് ദരിദ്രമായ അടുക്കളയുള്ള അമ്മമാരുടെ ഒരങ്കലാപ്പുണ്ടായി.''

(ഉരുളക്കിഴങ്ങ് തിന്നുന്നവർ)

സൂചനകളും പാഠഭാഗവും പരിഗണിച്ച് ജൂലിയാന എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

17. കവിതയിലെ ആശയം, സമകാലിക പ്രസക്തി, ആസ്വാദനാംശങ്ങൾ തുടങ്ങിയവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. 6

**നന്ദി**

എന്റെ വഴിയിലെ വെയിലിനും നന്ദി
എന്റെ ചുമലിലെ ചുമടിനും നന്ദി
എന്റെ വഴിയിലെ തണലിനും, മര
ക്കൊമ്പിലെ കൊച്ചു കുയിലിനും നന്ദി
വഴിയിലെ കൂർത്ത നോവിനും നന്ദി
മിഴി ചുവപ്പിച്ച സൂര്യനും നന്ദി
നീളുമീ വഴിച്ചുമടുതാങ്ങി തൻ
തോളിനും വഴിക്കിണറിനും നന്ദി
നീട്ടിയോരു കൈക്കുമ്പിളിൽ ജലം
വാർത്തു തന്ന നിൻ കനിവിനും നന്ദി
ഇരുളിലെ ചതിക്കുണ്ടിനും പോയൊ-
രിരവിലെ നിലാക്കുളിരിനും നന്ദി
വഴിയിലെ കൊച്ചു കാട്ടുപൂവിനും
മുകളിലെ കിളിപ്പാട്ടിനും നന്ദി
മിഴിയിൽ വറ്റാത്ത കണ്ണുനീരിനും
ഉയിരുണങ്ങാത്തൊരലിവിനും നന്ദി

(സുഗതകുമാരി)

-o0o-